കവർസ്റ്റോറി

എം.സി.എ നാസർ

# യാങ്കിക്ക് കാലിടറുമ്പോൾ പോർനിലങ്ങളിൽ സംഭവിക്കുന്നത്

ലോക ശാക്തിക ചേരിയിൽ അടിസ്ഥാന മാറ്റം വരികയാണ്. പുതുവർഷവും അമേരിക്കൻ സമ്പദ് ഘടന കൂടുതൽ ദുർബലമാകാൻ തന്നെയാണ് സാധ്യത. അതോടെ പുതിയ പല ശക്തികളും രംഗം കൈയടക്കാൻ വെമ്പിനിൽപുണ്ട്. ചൈനയും ഇന്ത്യയും ലാറ്റിനമേരിക്കൻ രാജ്യങ്ങളും പ്രതീക്ഷ പകരുന്നു. വൻ തകർച്ചക്കിടയിലും പിടിച്ചു നിൽക്കുന്ന ഗൾഫ് രാജ്യങ്ങളുടെ പ്രകടനവും മോശമല്ല.

**നിഷ്ഠുരതയിലൂടെ,** അധാർമികതയിലൂടെ കെട്ടിപ്പടുത്തതെന്തും വൈകാതെ നിലം പതിക്കും-ചരിത്രത്തിന്റെ നാൾവഴികൾ എന്നും നമ്മെ ഓർമിപ്പിക്കുന്ന ലളിത സത്യമാണിത്.

കൊളോണിയലിസത്തിന്റെ വരവുപോക്കുകളും ഏകാധിപതികളുടെ വീഴ്ചകളും സമഗ്രാധിപത്യ ദർശനങ്ങളുടെ തകർച്ചയും നിരന്തരം ഇക്കാര്യം നമ്മെ ബോധ്യപ്പെടുത്തുന്നു. നടപ്പു നൂറ്റാണ്ടു തന്നെ നോക്കൂ. എത്രയെത്ര തെളിവുകൾ ബാക്കിവെച്ചാണ് അതു കടന്നു പോകുന്നത്! കിഴക്കൻ യൂറോപ്പിൽ തുടങ്ങി ലോകത്തുടനീളം കമ്യൂണിസം കടപുഴകിയപ്പോൾ ഇനി കാപിറ്റലിസത്തിന്റെ തേരോട്ടം മാത്രമായിരിക്കുമെന്നായിരുന്നു വിലയിരുത്തൽ. മറ്റൊരു ബദൽ ഇല്ലെന്ന് വന്നതോടെ ഉദാരവത്കരണത്തിൽ അധിഷ്ഠിതമായ നവ കൊളോണിയൽ കൊള്ള അഭംഗുരം തുടർന്നു. ദരിദ്ര ജനസമൂഹങ്ങളുടെ ജീവിതത്തെ അതു വല്ലാതെ തകർത്തു. സമ്പന്നരോടുള്ള ആഭിമുഖ്യം ഭരണകൂടങ്ങളെ വഴിമാറ്റി നടത്തി. അതോടെ സാമൂഹിക സേവന മേഖലയിൽ നിന്ന് സർക്കാർ പൂർണമായും ഉൾവലിഞ്ഞു. ലാഭകരമല്ലാത്ത ഒന്നും നിലനിൽക്കാൻ പാടില്ലെന്നായിരുന്നു യുക്തി. അതോടെ റേഷനിംഗ് സമ്പ്രദായം ആദ്യം തകർത്തു. ആരോഗ്യ മേഖലയും പ്രാഥമിക വിദ്യാഭ്യാസവും സർക്കാറുകൾ കൈവിട്ടു. ഓഹരി വിപണിയിൽ ഇടംകിട്ടാത്ത മനുഷ്യർ പുതിയ ലോകത്തിന്റെ പടിക്കു പുറത്തായി. ഐ.ടിയും ടൂറിസവും പുതിയ കൊള്ളയുടെ മികച്ച വേദികളായി മാറി. ദരിദ്ര വർഗത്തിന്റെ ആത്മാഭിമാനം പോലും അടിക്കടി ചോദ്യം ചെയ്യപ്പെട്ടു.

ഇപ്പോഴിതാ, 2008 അപ്രതീക്ഷിതവും അപ്രിയവുമായ കാര്യങ്ങൾ തുറന്നുകാട്ടി പടിയിറങ്ങിയിരിക്കുന്നു. ലോക സാമ്പത്തിക മാന്ദ്യം, ഭക്ഷ്യ കമ്മി, ഉൽപാദന മേഖലയിലെ നഷ്ടം, ഓഹരി തകർച്ച, ബാങ്കിംഗ് മേഖലയിലെ പ്രതിസന്ധി, കറൻസി വിനിമയ നഷ്ടം-ചുരുക്കം ചില മാസങ്ങൾ സമ്മാനിച്ച ബാക്കിപത്രമാണിത്. സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലെ തിരിച്ചൊഴുക്കിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ ഇനി വരാനിരിക്കുന്നേയുള്ളൂ.

പ്രതികൂല ഘടകങ്ങൾ ശക്തമാണെങ്കിലും ഒരു ജനതയുടെ ആത്മാഭിമാനം ഉയർത്തി പിടിക്കാനും അവരെ തിരിച്ചറിവിലേക്ക് നയിക്കാനുമുള്ള ഏറ്റവും നല്ല അവസരമായി ഇപ്പോഴത്തെ പ്രതിസന്ധി മാറുകയാണെങ്കിൽ നന്ന്.

കാര്യങ്ങൾ അത്രയൊന്നും ഭദ്രമല്ലെന്ന് നമ്മെ ബോധ്യപ്പെടുത്തി എന്നതാണ് 2008 ബാക്കിനിർത്തുന്ന ഏറ്റവും നല്ല പാഠം. ലേ മാൻ ബ്രദേഴ്സ് ഉൾപ്പെടെ ഒറ്റപ്പെട്ട കമ്പനികളുടെ തകർച്ചയിലായിരുന്നു സാമ്പത്തിക പ്രതിസന്ധിയുടെ തുടക്കം. കെട്ടിപ്പൊക്കിയ പല വർണ സൗധങ്ങളും എത്രമാത്രം ദുർബലമായ അടിത്തറയിലായിരുന്നുവെന്ന് തുടർന്നുള്ള സംഭവ പരമ്പരകൾ തെളിയിച്ചു. ബാങ്ക് വായ്പയെടുത്തും കടം വാങ്ങിയുമുള്ള പൊങ്ങച്ച പ്രകടനമായിരുന്നു രാജ്യങ്ങൾ മാത്രമല്ല വ്യക്തികളും നടത്തിയത്. സാങ്കേതിക സംജ്ഞകൾ എന്തു തന്നെ നൽകിയാലും കാപിറ്റലിസ്റ്റ് സമ്പദ് ഘടനയുടെ ഉള്ളകം എത്രമാത്രം ദുർബലമാണെന്ന് തെളിയിക്കപ്പെടുകയായിരുന്നു. എല്ലാംകൊണ്ടും പ്രബലമായിരുന്ന സോവിയറ്റ് യൂനിയന്റെ തകർച്ചയെ എന്ന പോലെ, സ്തബ്ധരായി കാപിറ്റലിസത്തിന്റെ ദൗർബല്യവും ഏറ്റുവാങ്ങുകയാണിപ്പോൾ ലോകം. എന്നിട്ടും തിരിച്ചറിവുണ്ടായെന്നു പറയാൻ കഴിയില്ല. എല്ലാം നഷ്ടപ്പെടുത്തിയ മുടിയനായ പുത്രന് വീണ്ടും വൻതോതിൽ പണം എത്തിച്ചു കൊടുക്കുന്ന പഴയ ബുദ്ധിശൂന്യനായ പിതാവിനെ അനുസ്മരിപ്പിക്കും വിധം പരിഹാസ്യവും വികലവുമായ ബദലുകളാണ് നാം ലോക തലത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്.

സാമ്പത്തിക തകർച്ചക്ക് ന്യായങ്ങൾ പലതുണ്ട്. അതിന്റെ വേഗതയും വ്യാപ്തിയുമാണ് ഏവരെയും ഞെട്ടിച്ചത്. നൊടിയിടക്കുള്ളിൽ അമേരിക്കയുടെ അതിരുകളും കടന്ന് യൂറോപ്പിലൂടെ ദരിദ്ര രാജ്യങ്ങളുടെ നെഞ്ചകം വരെ മാന്ദ്യത്തിൻെറ ആഘാതം എത്തിച്ചേരുകയായിരുന്നു. വികസനത്തിന്റെ നിരവധി സ്വപ്ന ഗോപുരങ്ങൾ അപ്പോഴേക്കും ഇടിഞ്ഞു വീണിരുന്നു.

സത്യത്തിൽ വിതച്ചതു മാത്രമാണ് കൊയ്യുന്നത്. എന്നാൽ ഈ യാഥാർഥ്യം സ്പർശിക്കാൻ സാമ്പത്തിക വിദഗ്ധരോ ലോക രാജ്യങ്ങളോ തയാറാകുന്നില്ല. ഇതു തന്നെ പ്രതിസന്ധി ഘട്ടത്തിലെ ഏറ്റവും വലിയ അസംബന്ധവും.

ആയുധ വിപണിയെ വളർത്താൻ നടന്ന അധിനിവേശങ്ങളും ആഡംബരത്തിന്റെ സുഖാലസ്യവുമൊക്കെ ഈ പ്രതിസന്ധിയുടെ പ്രധാന കാരണങ്ങളാണ്. വിലക്കയറ്റത്തിന്റെയും മറ്റും പേരിൽ പാവങ്ങൾക്ക് മാന്യമായ ഒരു ജീവിതം പോലും അസാധ്യമാക്കി തീർത്ത സാമൂഹിക സാഹചര്യവും അതിന്റെ പ്രത്യാഘാതവും മറുവശത്തുണ്ട്. സാമൂഹിക അസന്തുലിതത്വം ക്രമപ്പെടുത്താൻ ഇപ്പോഴത്തെ പ്രതിസന്ധി സഹായകമാകും എന്നു പറയാനും കഴിയില്ല. കാരണം സമീപനങ്ങളിലും നയനിലപാടുകളിലും മാറ്റം വരുത്താൻ ലോക രാജ്യങ്ങൾ തയാറായിട്ടില്ല. ഉള്ളവനെ അതി സമ്പന്നനാക്കുക എന്നതു മാത്രമാണ് ഇപ്പോഴും അവരുടെ അജണ്ടയിലെ മുഖ്യ ഇനം.

പക്ഷേ, ലോക ശാക്തിക ചേരിയിൽ അടിസ്ഥാന മാറ്റം വരികയാണ്. പുതുവർഷവും അമേരിക്കൻ സമ്പദ് ഘടന കൂടുതൽ ദുർബലമാകാൻ തന്നെയാണ് സാധ്യത. അതോടെ പുതിയ പല ശക്തികളും രംഗം കൈയടക്കാൻ വെമ്പി നിൽപുണ്ട്. ചൈനയും ഇന്ത്യയും ഉദാഹരണം. സാമ്പത്തിക മേഖലയിൽ അവർ പുതിയ ഉണർവേകുന്നു. ലാറ്റിനമേരിക്കൻ രാജ്യങ്ങൾ പ്രതീക്ഷ പകരുന്നു. വൻ തകർച്ചക്കിടയിലും എണ്ണയുടെ ബലത്തിൽ പിടിച്ചുനിൽക്കുന്ന ഗൾഫ് രാജ്യങ്ങളുടെ പ്രകടനവും അത്ര മോശമല്ല.

പക്ഷേ, രാഷ്ട്രീയ സന്തുലിതത്വം ഉറപ്പാക്കാൻ എല്ലുറപ്പുള്ള നയ സമീപനങ്ങളുടെ കൂട്ടുണ്ടാവണം. ഇന്ത്യക്ക് ഇക്കാര്യത്തിലാണ് പിഴവു പറ്റിയത്. ഇപ്പോഴും യാങ്കിയെ കാണുമ്പോൾ കവാത്ത് മറക്കുക മാത്രമല്ല ഗാഢമായി വാരിപ്പുണരുകയെന്ന വൈകൃതവും ഇന്ത്യ നടത്തുന്നുണ്ട്.



**മത സംവാദങ്ങൾക്ക് അന്തരീക്ഷം ഒരുക്കാൻ മുസ്‌ലിം ലോകം മനസ് വെച്ചു. സൗദി ഭരണാധികാരി അബ്ദുല്ല രാജാവിൻെറ നേതൃത്വത്തിൽ തുടക്കം കുറിച്ച അന്താരാഷ്ട്ര മത സംവാദങ്ങൾ സംഘർഷത്തിൻെറ വ്യാപ്തി കുറക്കാൻ സഹായകമായി. പടിഞ്ഞാറും മുസ്‌ലിം ലോകവും തമ്മിലുള്ള ആരോഗ്യകരമായ സംവാദത്തിന് അതു ചാലു കീറി. വത്തിക്കാനിൽ പോപ്പുമായി കൂടിക്കാഴ്ച നടത്തിയ അറബ് നേതൃത്വവും അനുരഞ്ജനത്തിന്റെയും സമാധാനത്തിൻെറയും സാധ്യതകൾ തന്നെയാണ് തുറന്നിട്ടത്.**

## ഗസ്സയുടെ നെഞ്ചകം പിളരുമ്പോൾ

പോർനിലങ്ങളിൽ സങ്കടങ്ങളുടെയും പ്രത്യാശയുടെയും മാസങ്ങളാണ് പിന്നിടുന്നത്. ഇറാഖ് മുതൽ ചെച്നിയ വരെ ഇതു കാണാം. പോയ വർഷവും ലോകത്തിന്റെ കാരുണ്യരാഹിത്യം ഏറ്റവുമേറെ അനുഭവിച്ചു തീർത്തതു ഫലസ്ത്വീൻ ജനത തന്നെ. നാനൂറോളം നിരപരാധികളായ ഫലസ്ത്വീനികളുടെ ചോരയിൽ ചവിട്ടി നിന്നാണ് നാം പുതുവർഷം കൊണ്ടാടുന്നത്. സയണിസ്റ്റ് ഭീകരത ഇപ്പോഴും ഗസ്സയെ വലയം ചെയ്തു നിൽപുണ്ട്. നിസ്സഹായരും നിഷ്കാസിതരുമായ മനുഷ്യരോടുള്ള നമ്മുടെ നിർവികാര നിലപാടിന്റെ അനീതി അടുത്ത കാലത്തൊന്നും ഇങ്ങനെ പച്ചയായി ലോകം കണ്ടിട്ടില്ല. സയണിസ്റ്റ് ക്രൂരതയിൽ ചിതറുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും ശരീരങ്ങൾ വേട്ടക്കാരെ ഒട്ടും നടുക്കിയില്ലെന്നത് ശരി. എന്നാൽ അവർക്ക് തുണയാകുമെന്ന് കരുതിയവരുടെ കാര്യമോ? ദിവസങ്ങൾ കഴിഞ്ഞിട്ടും അടിയന്തര യോഗം വേണമോ എന്നതു സംബന്ധിച്ചായിരുന്നു ചർച്ചയത്രയും. കഴിഞ്ഞ അറുപതു കൊല്ലമായി നടക്കുന്നതെന്തോ അതൊക്കെയും അപ്പടി തന്നെ നടന്നു. എവിടെയും തൊടാത്ത കുറെ പ്രസ്താവനകൾ, അപലപിക്കൽ പ്രമേയങ്ങൾ, പശ്ചിമേഷ്യൻ സമാധാനത്തെ കുറിച്ച വായ്ത്താരികൾ, വൈകി മാത്രം നടക്കുന്ന അടിയന്തര യോഗങ്ങൾ. ഇസ്രായേലിനെ പേരെടുത്തു പറയാതെയുള്ള യു.എൻ പ്രമേയം, എല്ലാറ്റിനും കാരണം ഹമാസാണെന്ന പഴിചാരലുകൾ...

2006 ജനുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഹമാസിനെ പിന്തുണച്ചതോടെ ഗസ്സ നിവാസികൾ നൽകേണ്ടി വരുന്ന വിലയുടെ തുടർച്ച മാത്രമാണിത്. ഹമാസിനെ ചവിട്ടിപ്പുറത്താക്കാതെ ഫലസ്ത്വീനികളെ ജീവിക്കാൻ വിടില്ലെന്ന് ഇസ്രായേൽ നേതൃത്വം ഇത്തവണ പരസ്യമായി തന്നെ പറയുന്നു. അമേരിക്ക ഉദാരമായി നൽകിയ ഏറ്റവും പുതിയ മിസൈലുകളുടെ ക്ഷമതയും ഗസ്സയിൽ പരീക്ഷിച്ചു കൊണ്ടിരിക്കുന്നു. കവചിത വാഹനങ്ങൾ അണിനിരത്തി ഗസ്സയുടെ നിയന്ത്രണം പൂർണമായും കൈക്കലാക്കുന്നതോടെ ഫെബ്രുവരി തെരഞ്ഞെടുപ്പിൽ എളുപ്പം ജയിച്ചു കയറാമെന്ന ചിന്തയിലാണ് ഇസ്രായേലിലെ ഭരണകക്ഷി.

കഴിഞ്ഞ ഒരു വർഷമായി തുടരുന്ന ഗസ്സ ഉപരോധത്തിൻെറ സങ്കട സമസ്യകൾ ആർക്കും പ്രശ്നമാകുന്നില്ല. ഈജിപ്തിലെ സ്വേഛാധിപതി പോലും പറയുന്നത് വെടിനിർത്തൽ പിൻവലിച്ച ഹമാസാണ് കൂട്ടക്കുരുതിക്ക് വഴിയൊരുക്കിയതെന്നാണ്!

ദിവസങ്ങൾ നീണ്ട ഇസ്രായേൽ നിഷ്ഠുരത ലോകം കാർണിവൽ ആഘോഷം പോലെ കണ്ടു നിന്നു. ഇസ്രായേലിനെ പേരെടുത്തു പറഞ്ഞ് വിമർശിക്കാൻ പോലും യു.എൻ തയാറായില്ല. ഇസ്രായേൽ നടത്തുന്നത് ആത്മരക്ഷാർഥമുള്ള പ്രതിക്രിയ മാത്രമാണെന്നായിരുന്നു ബുഷിൻെറ ഭാഷ്യം. ലോകത്തെ നവ അവതാരം ഒബാമ ഒന്നും മിണ്ടാൻ കൂട്ടാക്കിയില്ല. ഗസ്സയിലും വെസ്റ്റ് ബാങ്കിലും അവശേഷിച്ച ഫലസ്ത്വീൻ ജനതയെ കൂടി പുറന്തള്ളാനുള്ള ആഗോള ഗൂഢാലോചനയുടെ തുടക്കമാണിത്.

അറബ് ലോകം ഉറച്ച തീർപ്പുകളിലെത്താൻ ഇനിയും പാകമായിട്ടില്ലെന്ന് ഗസ്സ തെളിയിച്ചു. കൂട്ടക്കുരുതി തിമർക്കുമ്പോഴും ഐക്യം രൂപപ്പെടുത്താനായില്ല. യാങ്കിയുടെയും ജൂതരാഷ്ട്രത്തിന്റെയും സൈനിക മുഷ്കിനു മുമ്പിൽ നിസ്സഹായത നടിക്കുകയായിരുന്നു പലരും. അറബ്-ഇസ്രായേൽ യുദ്ധത്തിൽ പോലും ഒറ്റ ദിവസം കൊണ്ട് ഇത്രയേറെ പേർ കൊല്ലപ്പെട്ടിരുന്നില്ല. 'കളിയുടെ എല്ലാ നിയമങ്ങളും മാറ്റി

**പുതുവർഷം പല രാജ്യങ്ങളിലും ആഭ്യന്തര കാലുഷ്യങ്ങൾ അധികരിക്കും. ഇത് എല്ലാ ലോക രാജ്യങ്ങളുടെയും ഭദ്രതക്കു തന്നെ ഭീഷണി സൃഷ്ടിച്ചേക്കും. ഉൽപാദന മേഖലയിലെ തിരിച്ചടിയും വിലക്കയറ്റവും തൊഴിൽ നഷ്ടവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ എങ്ങനെ നേരിടും എന്നതാണ് പ്രധാനം. ആയുധ മികവും സൈനിക സന്നാഹങ്ങളുമുള്ള രാജ്യങ്ങൾ പോലും ഒരുപറ്റം സോമാലിയൻ കടൽ കൊള്ളക്കാർക്കു മുമ്പിൽ ചൂളുന്നത് ലോകം കണ്ടതാണ്.**



മറിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം' എന്നാണ് ഇസ്രായേൽ പ്രതിരോധ മന്ത്രി യഹൂദ് ബറാക് ആക്രോശിച്ചത്. എന്നും ഒരു നിയമവും ജൂതരാഷ്ട്രത്തിന് പ്രശ്നമായിരുന്നില്ലല്ലോ. മുൻ കഴിഞ്ഞ യുദ്ധങ്ങളിലും ഇതു തന്നെയാണ് കണ്ടത്. എന്നിട്ടും തീർത്തും ദുർബലരായ ഇരകൾക്കു മേൽ എല്ലാ കുറ്റവും അടിച്ചേൽപ്പിക്കാനായിരുന്നു ലോകത്തിൻെറ വ്യഗ്രത.

ഇരകൾക്ക് സ്വാഭാവിക നീതി പോലും നൽകാതെ വേണം സമാധാന പദ്ധതികളെന്ന് ആരൊക്കെയോ തീരുമാനിച്ചിരിക്കുന്നു. 1982ൽ അന്നത്തെ സുഊദി ഭരണാധികാരി ഫഹദ് രാജാവ് നല്ലൊരു സമാധാന നിർദേശം കൊണ്ടുവന്നതാണ്. 2002ൽ അറബ് ലീഗ് പുതിയ സമാധാന പദ്ധതിയും മുന്നോട്ടു വെച്ചു. 1967ന് മുമ്പുള്ള സ്റ്റാറ്റസ്കോ നിലനിർത്തുക, അഭയാർഥി സമൂഹത്തെ തിരിച്ചു വരാൻ അനുവദിക്കുക, ജറൂസലം കേന്ദ്രമായി സ്വതന്ത്ര ഫലസ്തീൻ രാഷ്ട്രം സ്ഥാപിക്കുക-ഇവ മാത്രമായിരുന്നു ആവശ്യം. പകരം ഇസ്രായേലിന്റെ അസ്തിത്വം അംഗീകരിക്കാനും ആ രാജ്യവുമായി നയതന്ത്ര ബന്ധം വരെയാകാമെന്നും അറബ് രാജ്യങ്ങൾ പറഞ്ഞതാണ്. പുറംകാലു കൊണ്ടുള്ള തൊഴിയായിരുന്നു മിച്ചം. താൻ പടിയിറങ്ങും മുമ്പ് ഫലസ്തീൻ രാഷ്ട്രം സ്ഥാപിക്കുമെന്നു പറഞ്ഞിരുന്നു ബുഷ്. അതേക്കുറിച്ച് ഇപ്പോൾ അദ്ദേഹം ഓർക്കുന്നു പോലുമില്ല. 2008 മെയ് മാസമായിരുന്നു ഇസ്രായേലിൻെറ അറുപതാം വാർഷിക മാമാങ്കം. ആഘോഷത്തിൽ പങ്കു ചേരാൻ ഓടിയെത്തിയ ബുഷ് ഫലസ്തീൻ സമൂഹത്തെ കുറിച്ച് ഒരക്ഷരം പോലും മിണ്ടിയില്ല.

എല്ലാംകൊണ്ടും പ്രബലമായിരുന്ന സോവിയറ്റ് യൂനിയന്റെ തകർച്ചയെന്ന പോലെ കാപിറ്റലിസത്തിന്റെ ദൗർബല്യവും ഏറ്റുവാങ്ങുകയാണിപ്പോൾ ലോകം. എന്നിട്ടും തിരിച്ചറിവുണ്ടായെന്നു പറയാൻ കഴിയില്ല. മുടിയനായ പുത്രന് വീണ്ടും വൻതോതിൽ പണം കൊടുക്കുന്ന പഴയ ബുദ്ധിശൂന്യനായ പിതാവിനെപ്പോലെ പരിഹാസ്യവും വികലവുമായ ബദലുകളാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്.

## നാണംകെട്ട വിടവാങ്ങലും പുതിയ പ്രതീക്ഷകളും

എട്ടു വർഷത്തെ ബുഷ് യുഗത്തിന് നാണംകെട്ട യാത്രാമൊഴി നൽകാൻ അമേരിക്കക്കും ലോകത്തിനും കഴിഞ്ഞുവെന്നതാണ് പോയ വർഷത്തെ സമ്പന്നമാക്കിയ മറ്റൊരു ഘടകം. ചരിത്രത്തിൽ ഒരു കറുത്തവൻ വൈറ്റ് ഹൗസിലേക്ക് നടന്നു കയറാനും ഇതു വഴിയൊരുക്കി. അഫ്ഗാനും ഇറാഖും കടന്നാക്രമിച്ച് ലോക സുരക്ഷയുടെ താളം തകർത്ത ബുഷിനെ അമേരിക്കൻ ജനത അത്രയേറെ വെറുത്തു കഴിഞ്ഞിരുന്നു. ബുഷിൻെറ റിപ്പബ്ലിക്കൻ പാർട്ടിയുടെ ജോൺ മെക്കയിൻ തകർന്നടിഞ്ഞു. ഒബാമയിൽ ലോകം അർപ്പിച്ച പ്രതീക്ഷകൾ വലുതാണ്. എന്നാൽ ഹിലാരി ക്ലിൻറൺ ഉൾപ്പെടെ ഒബാമ സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ പലരും ബുഷിൻെറ ആക്രമണോൽസുക വിദേശ നയത്തെ നേർക്കു നേരെ പിന്തുണക്കുന്നവരാണ്. ഫലസ്തീൻ ഉൾപ്പെടെ ഇരകളോട് വെറുപ്പ് പുലർത്തുന്നവരും. സൈനികാധിഷ്ഠിത യു.എസ് ക്രമം തിരുത്താനുള്ള മനസും ഒബാമ പ്രകടിപ്പിക്കുന്നില്ല. ഇറാഖിനു പകരം അഫ്ഗാൻ കേന്ദ്രീകൃത തന്ത്രം വേണമന്നു മാത്രമാണ് ആകെക്കൂടിയുള്ള വേറിട്ട സ്വരം.

ഇറാഖ് മാത്രമല്ല അഫ്ഗാനും യാങ്കി കരുതിയ വഴിക്കല്ല നീങ്ങുന്നത്. അമേരിക്കയിൽ നടന്ന ഭീകരാക്രമണത്തിന്റെ മറവിൽ നടന്ന അധിനിവേശം ഏഴ് വർഷം പിന്നിടുമ്പോൾ വിയർക്കുന്ന നാറ്റോ സഖ്യത്തെയും കർസായിയെയുമാണ് കാണുന്നത്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും താലിബാൻ പിടിമുറുക്കിയിരിക്കുന്നു. ഇറാഖിൽ നൂരി അൽ മാലികിയുടെ ഗ്രീൻ സോൺ സർക്കാർ പോലെ അഫ്ഗാനിൽ കാബൂളിൻെറ മാത്രം വരണാധികാരിയായി കർസായിയും മാറിയിരിക്കുന്നു. സൈനിക ബലം വർധിപ്പിച്ചതു കൊണ്ടു മാത്രമായില്ല. പാക് മുൻ പട്ടാള മേധാവി പർവേസ് മുശർറഫിനെ കൂട്ടു പിടിച്ച് താലിബാനെ ഒതുക്കാൻ ശ്രമിച്ചതാണ്. എന്നിട്ടും വിജയിച്ചില്ലെന്നോർക്കണം. പാകിസ്താനിലെ ആഭ്യന്തരകാലുഷ്യങ്ങൾ വർധിക്കാനും മേഖലയുടെ പൊതു സുരക്ഷ തകർക്കാനും മാത്രമാണ് ഈ നീക്കം കൊണ്ടായത്. ബുഷിനെ പോലെ മുശർറഫും നാണം കെട്ട് പടിയിറങ്ങിയത് ചരിത്രത്തിന്റെ മറ്റൊരു അനിവാര്യത. ലോക സുരക്ഷയായിരുന്നു തീവ്രവാദ വിരുദ്ധ വേട്ടകൊണ്ട് ലക്ഷ്യമിട്ടത്. ലോകം മുഴുക്കെ അശാന്തി പെയ്തിറങ്ങിയതായിരുന്നു അതിൻെറ പരിണിത ഫലം.

ലബനാൻ മുതൽ പൊരുതുന്ന മനുഷ്യരോടും പ്രസ്ഥാനങ്ങളോടും ഇരകളുടെ മനസ് കൂടുതൽ ഐക്യപ്പെടുന്നതിനും പോയ വർഷം സാക്ഷിയായി. ഭ്രാന്തൻ ആക്രോശങ്ങൾ കൊണ്ട് കാര്യമില്ലെന്ന് പല രാജ്യങ്ങളും തന്റേടത്തോടെ യാങ്കിയോട് പറഞ്ഞു. ആണവ പ്രശ്നത്തിൽ ഉപരോധത്തിന്റെ നഖമുന കുത്തിയിറക്കിയിട്ടും നിജാദിന്റെ ഇറാൻ മുട്ടുമടക്കിയില്ല. വടക്കൻ കൊറിയയുമായി യാങ്കി അനുരഞ്ജനത്തിന്റെ രീതി സ്വീകരിക്കേണ്ടിയും വന്നു. ലിബിയയെ അടുപ്പിച്ചു നിർത്താനായി ശ്രമം. പ്രകോപന നടപടികളുണ്ടായിട്ടും സിറിയ ഉറച്ചു നിന്നു. വെനിസ്വലയിലെ ചാവേസും ക്യൂബയിലെ കാസ്ട്രോയും ജനപക്ഷ നിലപാടുകൾ കൂടുതൽ കർക്കശമാക്കി. അമേരിക്കൻ വീഴ്ചയിൽ ഇപ്പോൾ ഇവരൊക്കെ ആഹ്ലാദിക്കുന്നുണ്ട്. എന്നാൽ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ പരിധിവിട്ട വിധേയത്വവും ദാസ്യഭാവവും തളരുന്ന യാങ്കിക്കുള്ള നല്ല കൈത്താങ്ങായി മാറുകയാണ്. അറബ് രാജ്യങ്ങളുടെ അവസ്ഥയിലും അടിസ്ഥാനപരമായി മാറ്റമുണ്ടായില്ല. ഡോളർ കേന്ദ്രീകൃത കറൻസി വിനിമയത്തിന്റെ നേർക്കുനേരെ നഷ്ടം സഹിക്കുന്നവരിൽ അറബ് സമൂഹം ഉൾപ്പെടും. എന്നിട്ടും ഡോളറിനെ കൈവിടാൻ അവർ മടിച്ചു. എണ്ണ വിൽപ്പനയുടെ കറൻസി മാനദണ്ഡം ഡോളറിൽ നിന്ന് മാറ്റാൻ വെനിസ്വലയും ഇറാനും പരമാവധി ശ്രമിച്ചതാണ്. വിധേയരുടെ ധാർഷ്ട്യം അതിനു പാരയായി. എന്നാൽ 2010ൽ ഏകീകൃത കറൻസിയിലൂടെ സാമ്പത്തിക ബ്ലോക്കായി മാറാൻ ഡിസംബർ അവസാനം മസ്കത്തിൽ ചേർന്ന ജി.സി.സി ഉച്ചകോടി തീരുമാനിച്ചത് ശ്രദ്ധേയം. സാമ്പത്തിക ബ്ലോക്കായി മാറാതെ രക്ഷ

യില്ലെന്ന്  ഗൾഫ് രാജ്യങ്ങൾ തിരിച്ചറിയുന്നതു തന്നെ വലിയ നേട്ടമുണ്ടാക്കും. അറബ് ലോകത്ത് ഇത്തരമൊരു നീക്കം തന്നെ ഇതാദ്യമാണ്.

അമേരിക്കയിലും മറ്റും രൂപപ്പെട്ട ഉൽപാദന മാന്ദ്യം ആഗോള വിപണിയിൽ എണ്ണവില കുത്തനെ ഇടിയാൻ വഴിയൊരുക്കിയത് ഇറാനും റഷ്യക്കും ഗൾഫിനും തിരിച്ചടിയായി. ബാരലിന് 148 ഡോളറിന് വിറ്റ എണ്ണ 40ന് ചുവടേക്ക് വന്നു. ഗൾഫ് രാജ്യങ്ങളുടെ നട്ടെല്ലൊടിക്കാൻ പോന്ന സാമ്പത്തിക സാഹചര്യമാണിത്. ഉൽപാദനം കുറച്ച് വിപണിയിൽ വില സന്തുലിതത്വം കൊണ്ടുവരികയെന്ന ഒപെക് തന്ത്രവും ദയനീയമായി പാളി.

യാങ്കിയുടെ പശ്ചിമേഷ്യൻ പിഴവുകൾ യാങ്കിയുടെ എതിരാളികൾക്ക് തുണയായി. ഇറാനും സിറിയയും സ്വാധീനം വ്യാപിപ്പിച്ചു. ഹമാസും ഹിസ്ബുല്ലയും പോരാട്ടത്തിൻെറ ദീപ്തിയിൽ കൂടുതൽ ജനകീയത രൂപപ്പെടുത്തി. യൂറോപ്യൻ യൂനിയനിൽ ഇടം ലഭിച്ചില്ലെങ്കിലും ഉർദുഗാൻെറ തുർക്കി പ്രതികൂല ഘടകങ്ങളെ സമർഥമായി മറികടന്ന് രാഷ്ട്രീയ പക്വത പ്രകടിപ്പിച്ചു.

## മാറുന്ന ലോകക്രമം നൽകുന്ന പ്രത്യാശകൾ

ചൈന നേടുന്ന സ്വാധീനമാണ് യാങ്കിയെ വിറളി കൊള്ളിക്കുന്നത്. ഇന്ത്യയുമായുള്ള ആണവ സഹകരണം പോലും ഉന്നംവെക്കുന്നത് ചൈനയെയാണ്. എന്നാൽ വാണിജ്യത്തിലും നയതന്ത്രത്തിലും അമേരിക്കൻ ഇടം ചൈന കൈക്കലാക്കിയിട്ടുണ്ട്. ഇറാനും വടക്കൻ കൊറിയക്കും ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കും യാങ്കിക്കെതിരെ ശബ്ദിക്കാനുള്ള കരുത്തേകുന്നതും ചൈനയുടെ ഈ അപ്രതിരോധ്യത തന്നെ. ബുഷിന്റെ എട്ടു കൊല്ലംകൊണ്ട് അമേരിക്കൻ ജനതക്ക് ട്രില്യൻ ഡോളറിൻെറ ബാധ്യതയും നിന്ദ്യതയും ബാക്കി ലഭിച്ചപ്പോൾ ഇതേ കാലയളവിൽ ചൈനയുടെ മൊത്തം ആഭ്യന്തര ഉൽപാദനം ഇരട്ടിയായി മാറുകയായിരുന്നു. ഓരോ അമേരിക്കക്കാരനും ചൈനക്ക് നാലായിരം ഡോളർ കടക്കാരനാണെന്നു വരുമ്പോൾ ചരിത്രത്തിന്റെ മറ്റൊരു ഐറണി കൂടിയാണ് പൂർത്തിയാകുന്നത്. അതേ സമയം കയറ്റുമതി ആവശ്യകത കുറയുന്നതോടെ ചൈനയിൽ തൊഴിലില്ലായ്മയുടെ വ്യാപ്തി കൂടും.

റഷ്യയും തങ്ങളുടെ നില മെച്ചപ്പെടുത്തി. വെനിസ്വല ഉൾപ്പെടെ ലാറ്റിനമേരിക്കൻ രാജ്യങ്ങളാണ് വ്ളാദിമിർ പുടിന്റെ പുതിയ കൂട്ടുകാർ. ജോർജിയക്കു നേരെ പടനയിക്കാൻ പുടിൻ മടിച്ചില്ല. പ്രാകൃത അധിനിവേശ മനസ് റഷ്യക്കുള്ളിൽ ഇപ്പോഴും ചുരമാന്തുകയാണ്. പുത്തൻ വിപണിയുടെ ആവശ്യകത കൂടുകയും ഉൽപാദനം പല കാരണങ്ങളാൽ കുറയുകയും ചെയ്തപ്പോൾ അവശ്യവസ്തുക്കളുടെ വില കുത്തനെ ഉയർന്നു. ലോകത്തെ ദരിദ്ര വിഭാഗങ്ങളാണ് ഇതിന്റെ വിലയൊടുക്കേണ്ടി വന്നത്.

മാറുന്ന ലോകക്രമത്തിൽ തരക്കേടില്ലാത്ത ഇടമാണ് ചൈനക്കൊപ്പം ഇന്ത്യക്കും ലഭിച്ചിരിക്കുന്നത്. എന്നാൽ ഉത്തരവാദിത്വത്തോടെ ഈ ചുമതല നിറവേറ്റുന്നതിനു പകരം പല്ലുകൊഴിഞ്ഞ യാങ്കി സിംഹത്തിന് ചുവപ്പു പരവതാനി വിരിക്കാനുള്ള മനസാണ് മൻമോഹൻ സിംഗിൻെറ ഇന്ത്യ പുലർത്തുന്നത്. ഇന്ത്യ നൽകുന്ന തണലിൽ മേഖലയിൽ തങ്ങളുടെ സൈനിക, സാമ്പത്തിക താൽപര്യങ്ങൾക്ക് ശക്തി പകരാൻ അമേരിക്കയും ശ്രമിക്കുന്നു.

പുതുവർഷം പല രാജ്യങ്ങളിലും ആഭ്യന്തര കാലുഷ്യങ്ങൾ അധികരിക്കും. ഇത് എല്ലാ ലോക രാജ്യങ്ങളുടെയും ഭദ്രതക്കു തന്നെ ഭീഷണി സൃഷ്ടിച്ചേക്കും. ഉൽപാദന മേഖലയിലെ തിരിച്ചടിയും വിലക്കയറ്റവും തൊഴിൽ നഷ്ടവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെ എങ്ങനെ നേരിടും എന്നതാണ് പ്രധാനം. ആയുധ മികവും സൈനിക സന്നാഹങ്ങളുമുള്ള രാജ്യങ്ങൾ പോലും ഒരുപറ്റം സോമാലിയൻ കടൽ കൊള്ളക്കാർക്കു മുമ്പിൽ ചൂളുന്നത് ലോകം കണ്ടതാണ്. പത്ത് തീവ്രവാദികളുടെ വിളയാട്ടം അമർച്ചചെയ്യാൻ ഇന്ത്യൻ സൈനിക സന്നാഹങ്ങൾക്ക് 62 മണിക്കൂർ വേണ്ടി വന്നുവെന്നതും ഓർക്കണം. ആയുധശേഷിയും സൈനിക മികവും മാത്രമല്ല കാര്യം. തീവ്രവാദ സാഹചര്യങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുകയാണ് പ്രധാനം. ആ ദിശയിലേക്ക് പക്ഷേ, ഒരു ചർച്ചയും നീങ്ങിയില്ലെന്നു മാത്രം.

സംസ്കാരങ്ങളുടെ സംഘട്ടനം ആഗ്രഹിച്ച പലരും ഉണ്ടായിരുന്നു. അവർ ആകുംവിധം അതിനു ശ്രമിക്കുകയും ചെയ്തു. കുരിശുദ്ധം എന്ന പദം പോലും അവർ കുടഞ്ഞിട്ടു. 'റാഡിക്കൽ ഇസ്ലാം' ഉയർത്തുന്ന വെല്ലുവിളി നേരിടാൻ 'ലോകം' ഒന്നിക്കണമെന്നും അവർ ആവശ്യപ്പെട്ടു കൊണ്ടിരുന്നു.

ഇതിനിടയിലും മത സംവാദങ്ങൾക്ക് അന്തരീക്ഷം ഒരുക്കാൻ മുസ്ലിം ലോകം മനസ് വെച്ചു. സൗദി ഭരണാധികാരി അബ്ദുല്ല രാജാവിൻെറ നേതൃത്വത്തിൽ തുടക്കം കുറിച്ച അന്താരാഷ്ട്ര മത സംവാദങ്ങൾ സംഘർഷത്തിൻെറ വ്യാപ്തി കുറക്കാൻ സഹായകമായി.  പടിഞ്ഞാറും മുസ്ലിം ലോകവും തമ്മിലുള്ള ആരോഗ്യകരമായ സംവാദത്തിന് അതു ചാലു കീറി. വത്തിക്കാനിൽ പോപ്പുമായി കൂടിക്കാഴ്ച നടത്തിയ അറബ് നേതൃത്വവും അനുരഞ്ജനത്തിന്റെയും സമാധാനത്തിൻെറയും സാധ്യതകൾ തന്നെയാണ് തുറന്നിട്ടത്.

കാത്തലിക്-മുസ്ലിം ഫോറത്തിനു കീഴിൽ നടന്ന ആശയ വിനിമയത്തിന് വത്തിക്കാൻ മത നേതൃത്വത്തിന്റെ പിന്തുണയും ലഭിച്ചു. പ്രതിരോധവും പ്രത്യാശയും കാത്തുസൂക്ഷിക്കുന്ന ജനകീയ നേതൃത്വത്തിൻെറ അഭാവം തന്നെയാണ് അറബ് ലോകത്തിന്റെ ദാരുണാവസ്ഥക്ക് വഴിയൊരുക്കുന്നത്. ഹസൻ നസ്റുല്ലയും ഖാലിദ് മിശ്അലും അഹ്മദ് നിജാദും നൽകുന്ന പ്രത്യാശകൾക്ക് പ്രായോഗികത നൽകാൻ കഴിയാതെ അറബ് ആത്മാഭിമാനം വീണ്ടെടുക്കുക എളുപ്പമല്ലെന്ന് മറ്റൊരു വർഷം കൂടി നമ്മെ ഓർമിപ്പിക്കുകയാണ്. കാലിടറുന്ന യാങ്കി ചിത്രം പുതിയ കാഴ്ചപ്പാടുകൾക്കും പ്രായോഗിക നടപടികൾക്കും മുസ്ലിം ലോകത്തിന് അവസരം തീർക്കുകയാണ്.  മാപ്പുസാക്ഷിയുടെ റോളാണ് ഇനിയും തങ്ങൾക്ക് വിധിച്ചതെന്നാണ് കരുതുന്നതെങ്കിൽ പിന്നെ രക്ഷയില്ല.

പാബ്ലോ നെരൂദ കുറിച്ചതും അതാണ്:

“നിൽക്കുന്ന തറയുടെ ചൂടറിയാത്ത സുഹൃത്തുക്കൾ അവരോട് ഒന്നും പറഞ്ഞിട്ടു കാര്യമില്ല.” ■

nazermca@gmail.com